# ‘ഉന്തുന്ത്...... പേനയുന്ത്’

“ഈ അണ്ഡകടാഹത്തിലെ മുഴുവൻ ചൂഷണങ്ങളെപ്പറ്റി എഴുതുന്ന പത്രക്കാരായ ഞങ്ങൾ അനുഭവിക്കുന്ന ചൂഷണങ്ങളെപ്പറ്റി ജനം അറിയുന്നുണ്ടോ?" വികാരഭരിതനായി പത്രക്കാരനായ സുഹൃത്ത് പറയുന്നു. ആറു വർഷമായി ഒരു മുഖ്യധാരാ പത്രസ്ഥാപനത്തിലെ ‘കോൺട്രാക്ട്’ ജോലിക്കാരനാണ് ഇദ്ദേഹം. സ്ഥിരജോലി ഭാഷാ പത്രപ്രവർത്തകർക്ക് നിഷേധിച്ചു കൊണ്ടിരിക്കുന്ന സമയമാണ് ഇത്. കേരളത്തിലെ പ്രമുഖ രണ്ടു പത്രസ്ഥാപനങ്ങളിലെ സ്ഥിതി മാറ്റി നിറുത്തിയാൽ സംസ്ഥാനജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളിൽ പകുതി പോലും പല പത്രക്കാർക്കും ലഭിക്കുന്നില്ല എന്നതാണ് സത്യം. ബ്യൂറോവിലേയും, ഡെസ്കിലേയും പണികൾ ഒരുമിച്ച് ചെയ്യാൻ വിധിക്കപ്പെട്ടുന്നവരാണ് നമ്മുടെ മുഖ്യധാരാ പത്രങ്ങളിലടക്കം ജോലി ചെയ്യുന്ന പത്രക്കാർ. അതേ സമയം വിവിധ സ്ഥാപനങ്ങളിൽ നിന്ന് ജേർണലിസം കഴിഞ്ഞിറങ്ങുന്നവരും വർഷം തോറും കൂടിക്കൊണ്ടിരിക്കുന്നു.

ചൂഷണത്തിന് പ്രതികരിക്കാൻ പോലും കഴിയാത്ത പത്രക്കാരുടെ ഷണ്ഡത്വം എത്രപേർ തിരിച്ചറഞ്ഞിട്ടുണ്ട്?

പത്രക്കാർ എന്തിനെ ഭയപ്പെടണം? ചോദ്യം സ്വാഭാവികം എന്നാൽ നീതിക്കായി പേനയെടുത്തു പൊരുതുന്നുവെന്ന് വിശ്വസിക്കുന്ന ‘ഫോർത്ത് എസ്റ്റേറ്റ്’ നമ്മുടെ സങ്കല്പങ്ങളിലേയുള്ളൂ. തെഹൽക്കയുടെ അനുഭവം നമുക്കറിയാം. നമ്മുടെ പ്രമുഖ മലയാളപത്രത്തിലെ സബ് എഡിറ്ററുടെ വാക്കുകളിൽ നിന്ന് “ന്യൂസ് ഡെസ്കിലെത്തി കഴിഞ്ഞാൽ പിന്നെയൊരു യുദ്ധമാണ്. (വാർത്തകളെ തിരഞ്ഞ് ചേർക്കുന്നതിവിടെയാണ്) പത്രക്കാർ ഭയക്കുന്ന രാഷ്ട്രീയ-സാമുദായിക നേതാക്കന്മാരെ പരിഗണിക്കാതെ പോകരുതെന്ന അലിഖിത നിയമം അവർക്ക് പാലിക്കപ്പെടേണ്ടി വരുന്നു. ചേരാട്ടാ നേതാക്കൾ മുതൽ വമ്പൻ രാഷ്ട്രീയസാമുദായിക നേതാക്കളുടെ കണ്ണുരുട്ട സഹിക്കേണ്ടി വന്നേക്കാം, കൂടെ തങ്ങളുടെ വാർത്ത പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചില്ലെങ്കിൽ കരയോഗമോ, യോഗമോ, ഇടവകയോ, കര്യാലയമോ, പാർട്ടിമേഖലയോ, പാർട്ടിക്കാരോ പത്രം ബഹിഷ്കരിക്കുമെന്ന്. ഗ്രൂപ്പുനേതാക്കളോ, സാമുദായിക നേതാക്കളോ ആയിരിക്കും ഇതിനു പിന്നിൽ. അതുകൊണ്ട് അവരെ കണ്ടില്ലെന്ന് നടിക്കുന്നത് പത്രത്തിന്റെ സർക്കുലേഷനെ ബാധിക്കും." സർക്കാർ ജീവനക്കാർ സമരം ആരംഭിച്ചപ്പോൾ മനോരമ ആന്റണി മന്ത്രിസഭയെ ന്യായീകരിച്ചപ്പോൾ നേരിടേണ്ടി വന്ന പൊല്ലാപ്പ് മനോരമയ്ക്കറിയാം. സർക്കാർ ജീവനക്കാർ മനോരമ ബഹിഷ്കരിക്കുമെന്ന ഭീഷണി വന്നപ്പോൾ മനോരമ മാറ്റിയ കാലിന്റെ ദുഃഖം ആന്റണിക്കറിയാം.

മതപ്രീണനം മുഖ്യധാരാപത്രങ്ങൾക്ക് പിടിച്ചു നില്ക്കാനുള്ള മാർഗ്ഗമാണ്. രവിശങ്കറിനും, അമൃതാനന്ദമയിക്കും, സായിബാബക്കും പുറമേ ഇതാ ഒരു തഥാഗതൻ. സപ്ലിമെന്റ് ഇറക്കുവാൻ പാകത്തിലുള്ള ഒരാൾ കൂടി വന്നു ചേർന്നിരിക്കുന്നു. പരസ്യപ്രചാരണങ്ങൾക്കായി ഇവരോരുത്തരും ലക്ഷങ്ങളാണ് പത്രങ്ങൾക്ക് എ

## മീഡിയ പൾസ്

റിഞ്ഞു കൊടുക്കുന്നത്. പ്രത്യേകമായിമായി സപ്ലിമെൻറുകൾ ഇറക്കിയും, വാർത്തകളിൽ പ്രാധാന്യം കൊടുത്തും ഇവരെ മനുഷ്യദൈവങ്ങളാക്കുന്നതിൽ നമ്മുടെ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് തീരെ ചെറുതല്ല. മാധ്യമങ്ങൾ കച്ചവടക്കണ്ണോടെ മനുഷ്യദൈവങ്ങളെ സൃഷ്ടിക്കുന്നതിൽ ഉപയോഗിക്കുന്നത് നീതിയാണോ? നമ്മുടെ നാട്ടിൽ മനുഷ്യദൈവങ്ങൾക്ക് ക്ഷാമമില്ല. കൈയിൽ കറച്ചു പൈസയുണ്ടെങ്കിൽ പത്രക്കാർക്ക് വാരിക്കൊടുത്താൽ ദൈവമാകാനുള്ള കുറുക്കുവഴിയായി. എന്ന് കരുതുന്നവർ ധാരാളം. ഏതായാലും നമ്മുടെ മുമ്പിൽ വർണ്ണശബള സപ്ലിമെന്റുകളിൽ എത്തുന്ന പുതിയ മനുഷ്യദൈവങ്ങൾക്കായുള്ള കാത്തിരിപ്പ് തുടരാം...

ചാനലുകൾ നിന്നു പിഴയ്ക്കാൻ പഠിച്ചിരിക്കുന്നു. ഈയടുത്തകാലം വരെ ചാനലുകളെ ഭയപ്പെടുത്തിയിരുന്ന പ്രശ്നമാണ് പരസ്യങ്ങൾ ജനങ്ങളിൽ എത്തുന്നില്ല എന്നത്. കാരണം ഒരേ സമയം രണ്ടും മൂന്നും സീരിയലുകൾ കാണുന്ന വീട്ടമ്മമാരാണ് നമുക്കുള്ളത്. ഒരു സീരിയലിലെ പരസ്യസമയമാവുമ്പോൾ ചാനൽ മാറ്റിയാണ് ഇത്തരം സീരിയൽ മത്സരങ്ങൾ നടത്താറുള്ളത്. എന്നാൽ കറച്ചിടെയായി വീട്ടമ്മമാരുടെ പരാതി, ഇപ്പോൾ ചാനലുകൾ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് ഏതാണ്ട് ഒരേ സമയത്താണെന്നാണ്. അതുകൊണ്ട് ചാനൽ മാറ്റുമ്പോൾ കാണുന്നത് പരസ്യങ്ങൾ മാത്രം? ചാനലുകൾ പ്രതിസന്ധിഘട്ടത്തെ തരണം ചെയ്ത രീതിയോർക്കുക. കമ്പനികൾ ചാനലുകളിൽ പരസ്യം നല്കാൻ വിമുഖത പ്രകടിപ്പിച്ചുകൊണ്ടിരിക്കെ അവർ തന്നെ എടുത്ത കൂട്ടായ തീരുമാനമായിരിക്കാം ഇത്. നമുക്കിനി ദേവന്മാർ ഉപ്പ കണ്ടെടുത്തതും, സുമോ ഗുസ്തിക്കാരുടെ പൃഷ്ഠഭാഗവും കണ്ടിരിക്കുക തന്നെ. വിടാതെ പിന്തുടരുന്ന പരസ്യ ഭീകരന്മാർ നമ്മെ മലർത്തിയടിച്ചു കഴിഞ്ഞല്ലോ!

‘ഡാനിയേൽ പേൾ’ മരിച്ചുവെന്ന് ഔദ്യോഗികമായി സ്ഥിരീകരിച്ചിരിക്കുന്നു. വാർത്തകളിലെ പുതുമതേടിയുള്ള യാത്രയിൽ ജീവൻ നഷ്ടപ്പെടുത്തിയ പേൾ പത്രപ്രവർത്തന ചരിത്രത്തിലെ ‘ഗ്ലാമറസ് ഡെത്ത്’സർട്ടിഫിക്കറ്റിലെ താളിലൊതുങ്ങിയിരിക്കുന്നു.

ഫാഷൻ ടി.വിയിലെ ‘റിയോ കാർണിവൽ’ നമുക്ക് കാട്ടിത്തന്നത് ലോകത്തിലെ ഏറ്റവും മനോഹരമായ കാഴ്ചക്കൂട്ടുകളായിരുന്നു. എന്നാൽ ഫാഷൻ ടി.വി.യിലെ, എക്സ്ക്ലൂസീവ് ക്ലിപ്പുകളിൽ തെളിയുന്ന ‘നഗ്നാംഗികളുടെ കാർണിവൽ’ കാട്ടിത്തരുന്നതിലൂടെ ഈ വർണ്ണശബളമായ ആഘോഷത്തെ കൊല്ലാക്കൊല ചെയ്യുകയാണ് എഫ്.ടി.വി. അധികൃതർ ചെയ്യുന്നത്.

കൈരളിയിലെ ‘ലീഡർ ഓൺ ലൈൻ’ പരിപാടി ഹിറ്റായി കഴിഞ്ഞു. കരുണാകരന്റെ സ്വതസിദ്ധ ശൈലിയും, കണ്ണിറക്കലുകളും പ്രേക്ഷകർക്ക് നന്നേ പിടിച്ചിരിക്കുന്നു. എന്നാൽ നിലവാരമുള്ള ചോദ്യങ്ങൾ കരുണാകരനെ തേടിയെത്തുന്നില്ലെന്നതാണ് ചോദ്യം.

നമ്മുടെ മലയാളം ചാനലുകൾ ഉൾപ്പെടെ പ്രദർശിപ്പിക്കുന്ന ഹിന്ദി മ്യൂസിക് ആൽബങ്ങൾ ഇംഗ്ലീഷ് ആൽബങ്ങളിലൂടെ കാട്ടിത്തരുന്ന ലൈംഗിക ദൃശ്യങ്ങളെ കടത്തിവെട്ടികൊണ്ടിരിക്കുകയാണ്. നാമമാത്ര വസ്ത്രധാരിണികളായ പെൺകുട്ടികളുടേയും പുരുഷന്മാരുടേയും ലൈംഗിക ദൃശ്യങ്ങളോ, നിശാനൃത്തങ്ങളോ ആണ് മിക്ക ഹിന്ദി പോപ്പ് ആൽബങ്ങളും വിഷയീകരിച്ചിട്ടുള്ളത്. നാം ഏകലോക സങ്കല്പത്തിനെത്രയടുത്താണ് അല്ലേ !.